AoD (Chtlee)
5/11/12

5623
11/12/08

കേരള സർക്കാർ

നം.67096/ഐ.എ1/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, 15.11.08

## സർക്കുലർ

വിഷയം : - കുടുംബശ്രീ- ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി- പുതിയ ന്യൂട്രിമിക്സ് യൂണിറ്റുകൾ തുടങ്ങുന്നത്- -സംബന്ധിച്ച്.

സൂചന:- (1) 14.5.08-ലെ 31956/ഡിബി2/2008/തസ്വഭവ നമ്പരിലുള്ള സർക്കുലർ.

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.10.08 ലെ കെ.എസ്/ഡി1/4198/08 നമ്പരിലുള്ള കത്ത്.

ഓരോ ജില്ലയിലെയും കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി (ടിഎച്ച്ആർഎസ്) പദ്ധതിപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ അംഗനവാടികളിൽ അമൃതം എന്ന പേരിലുള്ള ഫുഡ്മിക്സ് നിർമ്മിച്ചു വിതരണം ചെയ്യുന്നത്. ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അസംസ്കൃത സാധനങ്ങളുടെ വാങ്ങൽ മുതൽ ഫുഡ് സപ്ലിമെന്റ് അംഗൻവാടികളിൽ എത്തിക്കുന്നതു വരെ വിവിധ ഘട്ടങ്ങളിൽ കർശനമായി പാലിക്കണമെന്ന് കുടുംബശ്രീ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് പ്രസ്തുത ഫുഡ്മിക്സ് നിർമ്മിച്ചുവിതരണം ചെയ്യുന്നത്. കാലതാമസം കൂടാതെ നിർമ്മിച്ചു നൽകാവുന്നതരത്തിലാണ് എല്ലാ യൂണിറ്റുകൾക്കും പഞ്ചായത്തുകളെ വിഭജിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകൾ പുതിയ ന്യൂട്രിമിക്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട്കൊണ്ട് കുടുംബശ്രീയിൽ നിവേദനങ്ങൾ സമർപ്പിക്കുന്നുണ്ട് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

(i) നിലവിൽ ഓരോ പഞ്ചായത്തിലേക്കും നിശ്ചയിച്ചിരിക്കുന്ന അമൃതം യൂണിറ്റുകളിൽ നിന്നും മാത്രം ഫുഡ് സപ്ലിമെന്റ് സ്വീകരിക്കേണ്ടതാണ്.

(ii) ഏതെങ്കിലും അംഗനവാടിയിൽ അധിക പോഷകാഹാരം നൽകേണ്ട സാഹചര്യം വരിയാണെങ്കിൽ പുതിയ ന്യൂട്രിമിക്സ് യൂണിറ്റുകളൊന്നും തന്നെ കുടുംബശ്രീ സംസ്ഥാന മിഷന്റെ അനുവാദമില്ലാതെ ആരംഭിക്കുവാൻ പാടുള്ളതല്ല.

എസ്സ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും. (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ പാങ്ങപ്പാറ തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.
പകർപ്പ് :ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
സാമൂഹ്യക്ഷേമ വകുപ്പിന്.
തദ്ദേശ സ്വയംഭരണ വകുപ്പ് (ഡിബി) വകുപ്പിന്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ